പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4404 | 19.10.2011-ൽ മറുപടിയ്ക്ക്

പഴം പച്ചക്കറികളുടെ വിലവർദ്ധന

| *ചോദ്യം* | *മറുപടി* |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ : | **ശ്രീ . കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പച്ചക്കറികളുടെയും പഴങ്ങളുടെയും വില ക്രമാതീതമായികുതിച്ചുയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പച്ചക്കറികളുടെയും പഴങ്ങളുടെ യുടെയും വില സംസ്ഥാനത്ത് ക്രമാതീതമായി ഉയർന്നിട്ടില്ല. എന്നാൽ മിക്ക ഇനങ്ങളിലും നേരിയ തോതിലുള്ള വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ബി) | 2011 മെയ് മാസത്തിൽ ആപ്പിൾ, മാങ്ങ, ഓറഞ്ച്, മുസാമ്പി, പൈനാപ്പിൾ, മൈസൂർപ്പഴം, കദളിപ്പഴം, നേന്ത്രപ്പഴം, വെളുത്ത മുന്തിരി, മത്തൻ, വെണ്ട, വഴുതന, തക്കാളി, കാബേജ്, കോവക്ക, മുരിങ്ങക്ക എന്നിവയുടെ വില എത്രയാണെന്നും 2011 ഒക്ടോബർ മാസത്തിൽ ഇവയുടെ വില എത്രയാണെന്നും വെളിപ്പെടുത്തുമോ; | (ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | വിലക്കയറ്റം എന്തുകൊണ്ടാണുണ്ടാകുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; | (സി) | സംസ്ഥാനത്ത് ഓണക്കാലം കഴിഞ്ഞ് പുതിയ വിളയിറക്കി ഉത്പ്പാദനം തുടങ്ങുന്ന കാലയളവിനിടയ്ക്കുള്ള സമയത്ത് നാടൻ പച്ചക്കറികളുടെ ലഭ്യതയിൽ കുറവ് വരുന്നതു |

വിലവർദ്ധന ഉണ്ടാകുന്നതിന് കാരണമാകുന്നു അയൽ സംസ്ഥാനങ്ങളിൽ അപ്രതീക്ഷിതമായ കാലാവസ്ഥാവ്യതിയാനം, പ്രകൃതി ക്ഷോഭം, കെടുതി എന്നിവ ഉണ്ടാകുമ്പോഴും പഴം-പച്ചക്കറികൾക്ക് വിലക്കയറ്റം ഉണ്ടാകാറുണ്ട്.

കൂടാതെ ദേശീതലത്തിൽ ഫുഡ് ഇൻഫ്ളേഷൻ നിരക്കിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ ആവശ്യസാധനങ്ങളുടെ വിലയിലും ചലനങ്ങൾക്ക് കാരണമാകാറുണ്ട്.

| | | |
|---|---|---|
| (ഡി) | വിലക്കയറ്റം നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ? | (ഡി) കാലാകാലങ്ങളിൽ പച്ചക്കറിയുടെ വില ക്രമാതീതമായി ഉയരുമ്പോൾ കൃഷി വകുപ്പ്. വി.എഫ്.പി.സി.കെ. ഹോർട്ടികോർപ്പ് എന്നിവർ വിപണിയിൽ ഇടപ്പെട്ട് 10% മുതൽ 30% വരെ വില കുറച്ച് വില്പന നടത്താറുണ്ട് മാർക്കറ്റ് ഇന്റർവെൻഷൻ ഫോർപ്രൈസ് സ്റ്റെബിലൈസഷൻ എന്ന പദ്ധതി പ്രകാരം ഇതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 2011-12 വർഷത്തിൽ 350 ലക്ഷം രൂപ ഇതിന് വേണ്ടി അനുവദിച്ചിട്ടുണ്ട്. ഈ ഓണക്കാലത്ത് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, വെജിറ്റബിൾ ആൻഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, ഹോർട്ടികോർപ്പ് എന്നി ഏജൻസികളുടെ സഹകരണത്തോടെ വിപണിഇടപെടൽ നടത്തുകയു ണ്ടായി. പച്ചക്കറി വില നിയന്ത്രിക്കുവാൻ ഈ വിപണി ഇടപെടൽ മൂലം സാധിച്ചിട്ടുണ്ട്. |

R.R.Bdl/sc

സെക്ഷൻ ഓഫീസർ

# അനുബന്ധം

| നമ്പർ | ഇനം | 2011 മെയ് മാസത്തിലെ വില(കിലോയ്ക്ക്)(രൂപ) | 2011 ഒക്ടോബർ മാസത്തിലെ വില (കിലോയ്ക്ക്)(രൂപ) |
|---|---|---|---|
| 1 | ആപ്പിൾ | 110 | 120 |
| 2 | മാങ്ങ | 20 | 60 |
| 3 | ഓറഞ്ച് | 80 | 40 |
| 4 | മുസാമ്പി * | 50.50 | 45 |
| 5 | പൈനാപ്പിൾ | 15 | 26 |
| 6 | മൈസൂർപ്പഴം * | 20 | 24 |
| 7 | കദളിപ്പഴം * | 25.50 | 36 |
| 8 | നേന്ത്രപ്പഴം | 24 | 28 |
| 9 | വെളുത്തമുന്തിരി | 50 | 60 |
| 10 | മത്തൻ | 10 | 14 |
| 11 | വെണ്ട | 16 | 16 |
| 12 | വഴുതന | 20 | 25 |
| 13 | തക്കാളി | 20 | 24 |
| 14 | കാബേജ് | 10 | 12 |
| 15 | കോവയ്ക്ക * | 20 | 26 |
| 16 | മുരിങ്ങയ്ക്ക | 24 | 26 |

കുറിപ്പ്:- 4,6,7,15 എന്നീ ഇനങ്ങളുടെ വില ഹോർട്ടികോർപ്പിന്റെ വില്പ്പനശാലകളിലെ വിലയാണ്

R. R. Tulsi
സെക്ഷൻ ഓഫീസർ